# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2682 — 17.06.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ എന്നറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ ക്ഷീര കർഷകരെ MNREGS തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കടുത്ത പ്രതിസന്ധി നേരിടുന്ന ക്ഷീരകർഷകരുടെ കടം എഴുതിത്തള്ളാൻ തീരുമാനമെടുക്കുമോ; | (ബി) ക്ഷീരകർഷകരുടെ കടം എഴുതിത്തള്ളുന്നതിനുള്ള തീരുമാനമെടുത്തിട്ടില്ല. |
| (സി) കാലിത്തീറ്റയുടെ വില വർദ്ധനവ് മൂലം പ്രതിസന്ധിയിലായ ക്ഷീരകർഷകരുടെ ആശ്വാസത്തിനായി കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) സ്വകാര്യ കാലിത്തീറ്റക്കമ്പനികളുടെ ചൂഷണത്തിൽ നിന്നും കർഷകരെ മോചിപ്പിക്കാൻ പൊതുമേഖലയിൽ കാലിത്തീറ്റ നിർമ്മാണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് നിലവിൽ തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (പ്രതിദിനം 650 മെട്രിക് ടൺ), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (പ്രതിദിനം 300 മെട്രിക് ടൺ), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (പ്രതിദിനം 300 മെട്രിക് ടൺ) എന്നിവിടങ്ങളിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകളുണ്ട്. ഇത് കൂടാതെ കാലിത്തീറ്റ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ അരിക്കുഴയിൽ പ്രതിദിനം 500 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള കാലിത്തീറ്റ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2019 ആഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ഇവിടെ നിന്ന് വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടെ കേരള |

ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉത്പാദന ശേഷി 1750 മെട്രിക് ടൺ ആകും.

മിൽമയ്ക്ക് ഇപ്പോൾ പ്രതിദിനം 600 മെട്രിക് ടൺ കാലിത്തീറ്റ ഉൽപ്പാദന ശേഷിയുണ്ട് ഇതിനു പുറമേ ഈറോഡ് കാലിത്തീറ്റ ഫാക്ടറിയിൽ നിന്നും ലീസ് അടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**